പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2154 26-10-2026-ൽ മറുപടിയ്ക്ക്

കെട്ടിടനിർമ്മാണത്തിലെ ചെറിയ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ എടക്കര ഗ്രാമപഞ്ചായത്തിലെ അഞ്ഞൂറോളം കെട്ടിടങ്ങൾക്ക് നിർമ്മാണ പ്രവൃത്തിയിലെ ചെറിയ വ്യതിയാനങ്ങൾ മൂലം കെട്ടിട നമ്പർ നൽകാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി:

ഉണ്ട്.

എടക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള അപാകതകളില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി കെട്ടിട നമ്പറും ഒക്യുപൻസിയും അനുവദിച്ചിട്ടുള്ളതാണ്. കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ വ്യാപാര ലൈസൻസ് നൽകിയിട്ടുള്ളൂ. എന്നാൽ, കൃത്യമായ സെറ്റ്ബാക്ക് പാലിക്കാതെയും തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചും നിർമ്മിച്ചിട്ടുള്ള ചില കെട്ടിടങ്ങൾക്ക് ചട്ടലംഘനങ്ങൾ കാരണം നിലവിൽ കെട്ടിട നമ്പർ അനുവദിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത അപാകതകൾ ചട്ടപ്രകാരം പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(ബി) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ദൂരവും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 81 ഉപചട്ടം (6) പ്രകാരം ഹൈറൈസ് ബിൽഡിംഗുകൾക്ക് വേണ്ടിയുള്ള സുരക്ഷാവ്യവസ്ഥകളുടെ ഭാഗമായി ആവശ്യമായ തുറസ്സായ സ്ഥലവും ഒഴികെ, ടി ചട്ടങ്ങളുടെ ചട്ടം 26 പ്രകാരം ആവശ്യമായ നിർബന്ധിത തുറസ്സായ സ്ഥലം/യാർഡിന്റെ നിയമപ്രകാരമുള്ള ഏറ്റവും ചുരുങ്ങിയ വീതി കുറവായിരിക്കുന്ന സംഗതിയിൽ,

പഞ്ചായത്ത് സെക്രട്ടറിക്ക് ടി ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള തുറസ്സായ സ്ഥലം/ യാർഡിന്റെ 5% വരെയോ അല്ലെങ്കിൽ 25 സെന്റിമീറ്ററോ, ഏതാണോ കുറവ്, അത് ഇളവായി അനുവദിക്കുന്നതിന് ചട്ടം 20(3)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് കഴിയുകയില്ല.

(ബി) സംസ്ഥാനത്തുടനീളം ഇപ്രകാരമുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടവും സ്ഥാപന ഉടമകൾക്കുണ്ടാകുന്ന മറ്റു ബുദ്ധിമുട്ടുകളും പരിഹരിക്കുവാൻ കെട്ടിടനിർമ്മാണത്തിലെ ചെറിയ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്ന പ്രക്രിയ ലളിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>മറുപടി:</u> ഉണ്ട്.

എടക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള അപാകതകളില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി കെട്ടിട നമ്പറും ഒക്യുപൻസിയും അനുവദിച്ചിട്ടുള്ളതാണ്. കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ വ്യാപാര ലൈസൻസ് നൽകിയിട്ടുള്ളൂ. എന്നാൽ, കൃത്യമായ സെറ്റ്ബാക്ക് പാലിക്കാതെയും തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചും നിർമ്മിച്ചിട്ടുള്ള ചില കെട്ടിടങ്ങൾക്ക് ചട്ടലംഘനങ്ങൾ കാരണം നിലവിൽ കെട്ടിട നമ്പർ അനുവദിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത അപാകതകൾ ചട്ടപ്രകാരം പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(ബി) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ദൂരവും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 81 ഉപചട്ടം (6) പ്രകാരം ഹൈറൈസ് ബിൽഡിംഗുകൾക്ക് വേണ്ടിയുള്ള സുരക്ഷാവ്യവസ്ഥകളുടെ ഭാഗമായി ആവശ്യമായ തുറസ്സായ സ്ഥലവും ഒഴികെ, ടി ചട്ടങ്ങളുടെ ചട്ടം 26 പ്രകാരം ആവശ്യമായ നിർബന്ധിത തുറസ്സായ സ്ഥലം/യാർഡിന്റെ നിയമപ്രകാരമുള്ള ഏറ്റവും ചുരുങ്ങിയ വീതി കുറവായിരിക്കുന്ന സംഗതിയിൽ, പഞ്ചായത്ത് സെക്രട്ടറിക്ക് ടി ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള തുറസ്സായ സ്ഥലം/ യാർഡിന്റെ 5% വരെയോ അല്ലെങ്കിൽ 25 സെന്റിമീറ്ററോ, ഏതാണോ കുറവ്, അത് ഇളവായി അനുവദിക്കുന്നതിന് ചട്ടം 20(3)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് കഴിയുകയില്ല.

സെക്ഷൻ ഓഫീസർ